അവശ ക്രൈസ്തവരുടെ മെമ്മോറാണ്ടം

335. [518] ശ്രീ. കെ. കെ. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അവശ ക്രൈസ്തവരുടെ അടിയന്തിരാവശ്യങ്ങളടങ്ങിയ ഒരു മെമ്മോറാണ്ടം ഭാരതീയ ക്രിസ്ത്യൻ കൺവേർട്ട്സ് ഫെഡറേഷൻ മുഖ്യമന്ത്രിക്ക് നൽകുകയുണ്ടായോ ;

(ബി) ഉണ്ടെങ്കിൽ എന്നാണ് നൽകിയത് ;

(സി) അവരുടെ മെമ്മോറാണ്ഡത്തിൽ പറഞ്ഞിരിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാം ;

(ഡി) ഇതിൽ എന്തെങ്കിലും ആവശ്യങ്ങൾ അംഗീകരിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഏതെല്ലാം ;

(എഫ്) ഇല്ലെങ്കിൽ കാരണമെന്ത് ;

(ജി) കൂടിയാലോചനയിലൂടെ പ്രശ്ന പരിഹാരത്തിന് നടപടി സ്വീകരിക്കുവാൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) ഉണ്ടായി.

(ബി) 19-12-1985-ൽ

(സി) 1. 1957-ലെ സംസ്ഥാന സർക്കാർ കേന്ദ്ര ഗവൺമെൻറിലേക്ക് ശുപാർശ ചെയ്തിട്ടുള്ളതുപോലെ പട്ടികജാതി പട്ടികവർഗ്ഗ ഭേദഗതി ബില്ലിൽ പിന്നോക്ക ക്രൈസ്തവരെ ഉൾപ്പെടുത്തുന്നതിനു കേന്ദ്ര ഗവൺമെൻറിലേക്കു ശുപാർശ ചെയ്യുക.

2. 1983 ജൂലൈ 14-ന് ബി സി സി എഫ് സംസ്ഥാന ഗവൺമെൻറിനു സമർപ്പിച്ചിട്ടുള്ള നിവേദനത്തിലെ ആവശ്യങ്ങൾ ചർച്ച ചെയ്തു പരിഹാരം കാണുക.

3. പിന്നോക്ക ക്രൈസ്തവ വികസന കോർപ്പറേഷൻറെ അടച്ചു പൂട്ടപ്പെട്ട കോഴിക്കോട്, തിരുവനന്തപുരം റീജിയണൽ ആഫീസുകൾ തുറന്നു പ്രവർത്തിക്കുക.

(ഡി) ഇല്ല.

(ഇ) ഉദിക്കുന്നില്ല.

(എഫ്) ഒന്നാമത്തെ ആവശ്യം അനുവദനീയമല്ല. 1983-ൽ കിട്ടിയ നിവേദനത്തിൻമേൽ നടപടികൾ എടുത്തുകഴിഞ്ഞ സ്ഥിതിക്ക് ഒരു ചർച്ചയുടെ ആവശ്യം ഇപ്പോഴുണ്ടെന്നു കരുതുന്നില്ല. മൂന്നാമത്തെ ആവശ്യം തക്ക സമയത്ത് പരിഗണിക്കാവുന്നതാണ്.

(ജി) കൂടിയാലോചന ആവശ്യമുണ്ടെന്നു കരുതുന്നില്ല.

மொழிச் சிறுபான்மையினர் மாநில குழு

(State Level Committee for Linguistic Minorities)

336. [519] ஸ்ரீ. ஜி. வரதன் : கீழ் காணும் வினாக்களுக்கு முதலமைச்சர் தயைகூர்ந்து விடை நல்குவாரா :

(எ) மொழிச் சிறுபான்மையினர் மாநில கமிட்டி இந்த அரசு ஆட்சிக்கு வந்தபின் எத்தனை முறை கூடியது ;

LIBRARY ARCHIVES Kerala Legislative Assembly